(ബി) വിദ്യാഭ്യാസ-കാർഷിക-ഭവന നിർമ്മാണ വായ്പകൾ നൽകുന്നതിൽ ചില സഹകരണ സ്ഥാപനങ്ങൾ വിമുഖത കാട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ മെമ്പർഷിപ്പ് റദ്ദാക്കൽ**

171 (525) ശ്രീ. കെ. കെ. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ 1500 മെമ്പർഷിപ്പ് റദ്ദാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) 1500 മെമ്പർഷിപ്പ് റദ്ദ് ചെയ്യുന്നത് എന്ത് കാരണത്താലാണ് ; ഇത് ഏത് നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിലാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ 1500 മെമ്പർഷിപ്പ് റദ്ദാക്കുന്നതിന് പ്രത്യേകിച്ച് നിർദ്ദേശം നൽകിയിട്ടില്ല.

(ബി) തർക്ക വിഷയത്തിൽ ഉൾപ്പെട്ട മെമ്പർഷിപ്പ് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ജി.ഒ. (ആർ.റ്റി)610/12/സഹ. തീയതി, 31-10-2012 നമ്പർ ഉത്തരവ് പ്രകാരം സഹകരണസംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 'ബി' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ്**

172 (526) ശ്രീ. സി. കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തെ ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പുകളിൽ ഓരോ ജില്ലകളിലും എത്ര ബാങ്കുകൾ വോട്ട് ചെയ്തു, ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ നടക്കുവാൻ പോകുന്ന ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിൽ ഓരോ ജില്ലയിലും എത്ര സഹകരണ ബാങ്കുകൾക്ക് വോട്ട് അവകാശമുണ്ട് ;

(സി) കഴിഞ്ഞവർഷം നടന്ന ബാങ്ക് തെരഞ്ഞെടുപ്പിൽ ഉള്ളതിനേക്കാൾ ഈ വർഷം വർദ്ധനവുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായില്ല. ജില്ലാ സഹകരണ ബാങ്കുകളിൽ അവസാനമായി തെരഞ്ഞെടുപ്പ് നടന്നത് 2008-ൽ ആണ്.

(ബി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലേക്ക് ഇപ്പോൾ നടക്കുവാൻ പോകുന്ന ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

| ജില്ല | വോട്ടവകാശമുള്ള സഹകരണ സംഘങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1574 |
| കൊല്ലം | 975 |
| പത്തനംതിട്ട | 468 |
| ആലപ്പുഴ | 1131 |
| കോട്ടയം | 814 |
| ഇടുക്കി | 480 |
| എറണാകുളം | 728 |
| തൃശ്ശൂർ | 884 |
| പാലക്കാട് | 543 |
| മലപ്പുറം | 308 |
| കോഴിക്കോട് | 528 |
| വയനാട് | 241 |
| കണ്ണൂർ | 1267 |
| കാസർഗോഡ് | 451 |
| ആകെ | 10392 |

(സി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായില്ല.